

# ഹൈടെക് സിറ്റി വരുന്നു വഴിമാറിക്കൊടുക്കുക

കെ ആർ രൺജിത്
സൗത്ത് ഏഷ്യ ഫീച്ചേഴ്സ്, കൊച്ചി

**അതീവ പരിസ്ഥിതി ദുർബലമായ കണ്ടൽത്തുരുത്ത് വളന്തക്കാട് ദ്വീപ് ഒഴിപ്പിച്ചു നികത്തിക്കൊണ്ട് ശോഭ ഡെവലപേഴ്സിന്റെ ഹൈടെക് സിറ്റി വരുന്നു. കായൽ നടുവിലെ കണ്ടൽക്കാട് ചതച്ച്, മണ്ണിട്ടുനികത്തി കൂറ്റൻ കെട്ടിടസമുച്ചയങ്ങളും റിസോർട്ടുകളും വരുന്നത് നിയമങ്ങൾക്ക് വിരുദ്ധമല്ലേ എന്ന് സി പി എം കാരനായ പഞ്ചായത്ത് പ്രസിഡണ്ടിന് സംശയം. ഭാരിച്ച കാര്യങ്ങളൊന്നും അന്വേഷിക്കേണ്ട, അവരുണ്ടാക്കുന്ന കെട്ടിടങ്ങൾക്ക് നമ്പറിട്ടുകൊടുത്താൽ മാത്രം മതിയെന്ന് മന്ത്രി. ജനകീയാസൂത്രണവും വികേന്ദ്രീകൃത വികസനവും വീണ്ടും വരുമെന്ന് വീമ്പിളക്കുന്ന നാട്ടിലേക്ക് ഹൈടെക് വികസനം വരുന്ന വഴി ഇതാണ്.**

ഏറ്റവും സമ്പന്നനായ മലയാളി എന്ന് അറിയപ്പെടുന്ന പി എൻ സി മേനോൻ കൊച്ചിയിൽ സ്വന്തമായി വാങ്ങിയ നാനൂറ് ഏക്കർ സ്ഥലത്ത് അയ്യായിരം കോടി രൂപ മുടക്കി ഒരു ഹൈടെക് സിറ്റി സ്ഥാപിക്കുന്നു. സർക്കാരിൽ നിന്ന് പത്തുപൈസ വാങ്ങുന്നില്ല. എല്ലാം സ്വന്തം ചെലവിൽ. അവിടെ 75000 തൊഴിലവസരങ്ങളും വിവിധതരത്തിലുള്ള വ്യവസായങ്ങളും ഐടി അനുബന്ധ പഠനകേന്ദ്രങ്ങളും അപ്പാർട്ട്മെന്റുകളും ഷോപ്പിങ് മാളുകളും റിസോർട്ടുകളും മറീനയും ഹോട്ടലുകളും എന്റെർടെയ്ൻമെന്റ് സൗകര്യങ്ങളും സ്ഥാപിക്കും. കേരളത്തിലെ ഏറ്റവും വലിയ ടൗൺഷിപ്പായിരിക്കും ഇത്. എഴുപത് ലക്ഷം സ്ക്വയർഫീറ്റ് വരുന്ന നോളെജ് പാർക്ക് കേരളത്തിൽ ആദ്യത്തേത്. ഒരു സ്വയം സമ്പൂർണ്ണ ഹൈടെക് സിറ്റി.

ആഗസ്ത് മാസം ഇരുപതാം തിയ്യതി ഈ പദ്ധതി സംബന്ധിച്ച എം ഒ യു- മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിങ്- സംസ്ഥാന സർക്കാരിന് വേണ്ടി മന്ത്രി എളമരം കരീമിന്റെ സാന്നിദ്ധ്യത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി ബാലകൃഷ്ണനും ശോഭ ഡെവലപേഴ്സ് പ്രതിനിധിയും ഒപ്പുവെച്ചു. പത്രസമ്മേളനം നടത്തി **കേരളം കണ്ടതിൽ വെച്ച് ഏറ്റവും വലിയ നിക്ഷേപവാർത്ത ജനങ്ങളെ അറിയിച്ചു. ഇവിടെയാണ് ആദ്യത്തെ പ്രശ്നം ഉയർന്നുവരുന്നത്. സ്വന്തം മൂലധനത്തിൽ സ്വന്തം ഭൂമിയിൽ ഒരു പ്രോജക്ട് ചെയ്യുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെ ലൈസൻസിങ് മാത്രം മതിയെന്നിരിക്കെ എന്തിനായിരുന്നു, എന്തായിരുന്നു സർക്കാരുമായി ധാരണാ പത്രം ഒപ്പുവെയ്ക്കൽ** (ഏത് സ്വകാര്യസംരംഭത്തിനും ഗവൺമെന്റ് നിയമപ്രകാരം ലൈസൻസ് നൽകിയാൽ മാത്രം മതി. അത്തരം സംരംഭങ്ങളിൽ സർക്കാരിന് സാമ്പത്തിക പങ്കാളിത്തം, അതായത് ഓഹരിയോ ഏതെങ്കിലും വിധത്തിലുള്ള മുതൽ മുടക്കോ ഉണ്ടെങ്കിൽ മാത്രമേ അതിന്റെ നടത്തിപ്പുകാരുമായി ഒരു കരാറിൽ ഏർപ്പെടുന്നതിന്റെ മുന്നോടിയായി ധാരണാപത്രത്തിൽ സർക്കാർ ഒപ്പുവെയ്ക്കാറുള്ളത് - ലാന്റ് ബാങ്കി മാഫിയ, കെ ജി പരമേശ്വരൻനായർ, കേരളശബ്ദം. സെപ്തം.23 2007 പേജ് 21) സ്മാർട് സിറ്റി പോലെ ഒരു സംയുക്തസംരംഭം അല്ലെന്നിരിക്കെ എന്താണ് സർക്കാർ ശോഭ ഡെവലപേഴ്സുമായി ധാരണയിലെത്തിയത്?

ഇതിന് ശരിയായ ഉത്തരങ്ങളില്ല. കാരണം സർക്കാരിന്റെ സുതാര്യമായ ഇരുമ്പുമറയ്ക്കുള്ളിൽ നിന്നും ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ അറിയാൻ ഇനിയും കാത്തിരിക്കേണ്ടിയിരിക്കുന്നു. സർക്കാർ വെബ് സൈറ്റിലോ ഐ ടി രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ അയ്യായിരം കോടിയിലധികം സ്വന്തം നിലയ്ക്ക് നിക്ഷേപിക്കുന്ന ശോഭ ഡെവലപേഴ്സിന്റെ നിരന്തരം

അപ്ഡേറ്റ് ചെയ്യുന്ന വെബ് സൈറ്റിലോ ധാരണാപത്രം ലഭ്യമല്ല. വിവരാവകാശനിയമത്തിന്റെ പതിവുവഴിയിലൂടെ വിവരങ്ങൾ പുറത്തുവരുന്നതിന് മുമ്പ് തന്നെ ചില സൂചനകൾ, ചില കള്ളമനംതുള്ളലുകൾ ആദ്യ വാർത്താ സമ്മേളനത്തിൽ തന്നെ പുറത്തുവന്നിരുന്നു.

ഹൈടെക് സിറ്റിയെക്കുറിച്ച് പി എൻ സി മേനോൻ പറഞ്ഞത് ഇങ്ങനെയാണ്. ഇന്ത്യയിലെ ആദ്യത്തെ സ്വയം സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ വ്യവസായ സമുച്ചയമാണ് ഇവിടെ ഉയരാൻ പോകുന്നത്. രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും മികച്ച ഹൈടെക് സിറ്റി ആയിരിക്കും ഇത്. പരിസ്ഥിതി സൗഹൃദ വ്യവസായ സമുച്ചയം എന്നത് അടിവരയിട്ട് വായിക്കുക.

ആവശ്യമായ അനുമതികൾ ലഭിച്ചുകഴിഞ്ഞാൽ എട്ടുവർഷത്തിനകം പദ്ധതി പൂർത്തിയാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ആവശ്യമായ ഈ അനുമതികൾക്കുവേണ്ടിയാണ് ധാരണാ പത്രം എന്ന് കമ്പനിയുടെ കേരള റീജണൽ ഡയറക്ടർ പി രാമകൃഷ്ണനെ ഉദ്ധരിച്ചുകൊണ്ട് വാൾസ്ട്രീറ്റ് ജേർണലിന്റെ ലൈവ് മിന്റ് റിപ്പോർട്ട് ചെയ്യുന്നു. ധാരണ പ്രകാരം പ്രോജക്ടിന് ഏകജാലക സംവിധാനത്തിൻ കീഴിൽ എളുപ്പത്തിൽ അനുമതി പത്രങ്ങൾ ലഭ്യമാകും. ജലം, വൈദ്യുതി, ഗ്യാസ്, സീവേജ് തുടങ്ങി സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് പുറമെ ലാന്റ് ഡെവലപ്മെന്റിനുള്ള അനുമതി, ചില്ലറ ഏറ്റെടുക്കലുകൾ-ഇതിനൊക്കെയാണ് സർക്കാർ സഹായം വേണ്ടത്. എന്നാൽ ഇതിനൊക്കെ പുറമെ പരിസ്ഥിതി നിയമങ്ങളിൽ നിന്ന് വിടുതലുണ്ടാക്കിക്കൊടുക്കണം. ഇതാണ് പരമ പ്രധാനമായി വരുന്നത്.

പി രാമകൃഷ്ണന്റെ വാക്കുകളിലേക്ക്: പദ്ധതിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണ്ടി വരും. കാരണം പദ്ധതി പ്രദേശം കോസ്റ്റൽ റെഗുലേഷൻ ചട്ടങ്ങളുടെ പരിധിയിൽ വരും. (http://www.sobhadevelopers.com/news) കുതിരമുഖത്തുനിന്നു തന്നെ സത്യം പുറത്തുവന്ന സ്ഥിതിക്ക് ഈ പദ്ധതിയിൽ ഫെസിലിറ്റേറ്റർ എന്ന നിലയ്ക്ക് സർക്കാരിന്റെ റോൾ എന്താണെന്ന് വ്യക്തം. നാട്ടിൽ നിലനിൽക്കുന്ന പരിസ്ഥിതി നിയമങ്ങളുടെ കുടുക്കിൽ നിന്ന് രക്ഷിച്ചു കൊടുക്കണം. അതിന് പൊൻമുടി മോഡൽ കണ്ണടയ്ക്കലുകളോ അതിരപ്പിള്ളി മോഡൽ കുടില തന്ത്രങ്ങളോ തരംപോലെ ഉപയോഗിക്കാം.

**എന്തുകൊണ്ട് വളന്തക്കാട്?**

കൊച്ചിയിലെ മരട് പഞ്ചായത്തിൽ കണ്ടൽക്കാടുകളാൽ ചുറ്റപ്പെട്ട വളന്തക്കാട് എന്ന പരിസ്ഥിതി പ്രധാനമായ പരമ്പരാഗത മത്സ്യബന്ധനഗ്രാമമാണ് ഹൈടെക് സിറ്റിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. തീരദേശപരിപാലന നിയമം മറികടന്നുകൊണ്ടല്ലാതെ ലോല പാരിസ്ഥിതിക സവിശേഷതകൾ നിലനിൽക്കുന്ന ഈ കണ്ടൽത്തുരുത്തിൽ വൻനിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവില്ല എന്ന് വ്യക്തം.



പിന്നെയും എന്തുകൊണ്ട് പരിസ്ഥിതി സൗഹൃദ വ്യവസായ സമുച്ചയം നിർമ്മിക്കാൻ ഈ പ്രദേശം തന്നെ കണ്ടെത്തി? ചോദ്യം അവരോട് തന്നെ ചോദിച്ചാൽ ശോഭ ഡെവലപേഴ്സിന്റെ ഉത്തരം ഇങ്ങനെ. കണ്ടൽക്കാടുകൾ നിലനിർത്തിക്കൊണ്ടുതന്നെ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ ഞങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ കണ്ടലുകൾ എങ്ങനെ നിലനിർത്തും എന്നതിന്റെ സൂചനകൾ വളന്തക്കാട്ട് നിവാസികൾക്ക് വളരെ നേരത്തെ തന്നെ ലഭിച്ചിട്ടുണ്ട്.

വളന്തക്കാട് ലാന്റ് ബാങ്ക് മാഫിയ രണ്ടുവർഷക്കാലയളവിൽ പല വഴികളിലൂടെ ഭൂമി വാങ്ങി സ്വരുക്കൂട്ടി വെച്ചിട്ടുണ്ട്. ഇങ്ങനെ വാങ്ങിക്കൂട്ടിയ ഭൂമിയെല്ലാം കൂടിയാണ് ശോഭ ഡെവലെപേഴ്സിന്റെ നാനൂറ് ഏക്കർ. ഈ നാനൂറ് ഏക്കർ ലാന്റ് ബാങ്ക് വാങ്ങിക്കൂട്ടിയത് ഫാരിസ് അബൂബക്കർ നയിക്കുന്ന പല പേരിലുള്ള പരശ്ശതം കമ്പനികളും വ്യക്തികളുമാണെന്ന് നേരത്തെ ആരോപണം ഉയർന്നിരുന്നു. പി സി ജോർജ്ജ് എം എൽ എ ഈ ആരോപണം പരസ്യമായി ഉന്നയിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വാങ്ങിയ രണ്ട് ഏക്കർ ഭൂമിയിലെ കണ്ടൽക്കാട് പൂർണ്ണമായും വെട്ടിനശിപ്പിച്ച് തീവെച്ചാണ് ലാന്റ് മാഫിയ വളന്തക്കാട് വരവറിയിച്ചത്. അന്നുതന്നെ വരാനിരിക്കുന്ന ഏതോ വലിയ ഒരു




**ഭൂമി മാഫിയയെ ശക്തമായി നേരിടുമെന്ന് സ്വാതന്ത്ര്യദിന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞ് കൃത്യം അഞ്ച് ദിവസം കഴിഞ്ഞപ്പോൾ വ്യവസായമന്ത്രി എളമരം കരീം ശോഭ ഡവലപ്പേഴ്സ് ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ഹൈടെക് സിറ്റി സ്ഥാപിക്കാൻ ധാരണാപത്രം ഒപ്പിട്ടത് ഭരണത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിഹാസ്യമായ ചെയ്തികളിൽ മറ്റൊന്നുകൂടിയായി.**

പ്രോജക്ടിനുവേണ്ടിയാണ് കണ്ടലുകൾ നശിപ്പിച്ചത് എന്ന് പത്രങ്ങളും മാധ്യമങ്ങളും നാട്ടുകാരും സംശയിച്ചിരുന്നു.

പക്ഷേ അത് ശോഭ എന്ന പേരെടുത്ത സ്ഥാപനത്തിന്റെ വരവായിരുന്നുവെന്ന് സംശയിക്കാൻ കാരണങ്ങളില്ലായിരുന്നു. കാരണം ശോഭയുടെ ഹൈടെക് സിറ്റി അന്ന് പ്രഖ്യാപിച്ചിരുന്നത് നെടുമ്പാശ്ശേരി വിമാനത്താവളത്തിനടുത്തായിരുന്നു. 300-400 ഏക്കർ സ്ഥലത്ത് അയ്യായിരം കോടിരൂപ മുടക്കി ഇന്റർനാഷണൽ ഹൈടെക് സിറ്റി (The Hindu, Aug.3,2006) സ്ഥാപിക്കാനുള്ള നിർദ്ദേശം ലഭിച്ചതായി 2006 ആഗസ്ത് 3 ന് എളമരം കരീം എന്ന് പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരുന്നു. 33 മീറ്റർ റോഡ് പദ്ധതി പ്രദേശത്തേക്ക് നിർമ്മിക്കുക ശോഭ ഡെവലപേഴ്സ് തന്നെയായിരിക്കുമെന്നും മന്ത്രി അന്ന് പറഞ്ഞിരുന്നു. ഇതേ പദ്ധതിയാണ് അവ്യക്തമായ കാരണങ്ങളാൽ പരിസ്ഥിതി ദുർബലപ്രദേശമായ വളന്തക്കാട്ടേക്ക് എത്തുന്നത്. പക്ഷേ എന്തുകൊണ്ടോ ഇങ്ങനെ ഒരു പദ്ധതി വരുന്ന കാര്യം അറിഞ്ഞിട്ടേയില്ലെന്നാണ് ഈ ആഗസ്തിൽ മന്ത്രി എളമരം കരീം കൊച്ചിയിലെ പരിസ്ഥിതി പ്രവർത്തകരോട് പറഞ്ഞത്. പദ്ധതിയുടെ വിശദാംശങ്ങളൊന്നും തനിക്ക് ലഭിച്ചിട്ടില്ലെന്നും മന്ത്രി ആണയിട്ടു (പദ്ധതിയുടെ(ഹൈടെക് സിറ്റി) യാതൊരു വിശദാംശങ്ങളും തന്റെ പക്കൽ ലഭിച്ചിട്ടില്ലെന്നും വിവരങ്ങൾ കിട്ടിയാലുടൻ അത് നിങ്ങളുടെ(പരിസ്ഥിതി പ്രവർത്തകരുടെ) പരിശോധനയ്ക്കായി അവതരിപ്പിക്കുമെന്നും യാതൊരു ഇളവുകളും ഇവർക്കായി(ശോഭാ ഡെവലപേഴ്സ്) നൽകില്ലെന്നും ആ പ്രദേശത്തിന്റെ (വളന്തക്കാട്) പാരിസ്ഥിതിക സന്തുലിതാവസ്ഥയും ആവാസ വ്യവസ്ഥയും ജനങ്ങളുടെ ജീവിതവും തകരാറിലാക്കുന്ന ഒന്നിനും അനുവാദം നൽകില്ലെന്നും മന്ത്രി ഉറപ്പുനൽകുകയും ചെയ്തു. - വ്യവസായമന്ത്രിയുടെ താൽപര്യമെന്ത്? ജനശക്തി, സെപ്തം. 8, 2007. പേജ് 52) ഇതിന് രണ്ടാഴ്ചയ്ക്കകം ശോഭ ഡെവലപേഴ്സുമായുള്ള ധാരണാപത്രം മന്ത്രിയുടെ കാർമ്മികത്വത്തിൽ നടന്നു എന്നത് വേറെ കാര്യം (പ്രദേശം സന്ദർശിച്ച എളമരം കരീം സി പി എം കാരനായ മരട് പഞ്ചായത്ത് പ്രസിഡണ്ട് ഉന്നയിച്ച സംശയങ്ങൾക്കും നിയമപ്രശ്നങ്ങൾക്കും ഇങ്ങനെ മറുപടി നൽകി. അവർ നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും നമ്പർ ഇട്ടുകൊടുക്കുക മാത്രം ചെയ്താൽ മതി ജനശക്തി, സെപ്തം. 8 2007 പേജ് 52).

കേരളത്തെ ഭൂമി മാഫിയ കയ്യടക്കാൻ ശ്രമിക്കുകയാണെന്നും അതിനെതിരെ ജാഗ്രത വേണമെന്നും തന്റെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അഭിപ്രായപ്പെട്ടിരുന്നു. സാധാരണ സ്വാതന്ത്ര്യദിന പ്രസംഗങ്ങളിൽ നിന്നും അച്യുതാനന്ദന്റെ പ്രസംഗത്തെ വ്യത്യസ്തമാക്കിയതും ഇത്തരം ചില വെളിപ്പെടുത്തലുകളും ഓർമ്മപ്പെടുത്തലുകളുമായിരുന്നു. (ഇന്തോ-അമേരിക്കൻ ആണവകരാറിനെ ഇതേ പ്രസംഗത്തിൽ അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു എന്നും ഓർക്കുക.) എന്നാൽ ഈ പ്രസംഗം കഴിഞ്ഞ് കൃത്യം അഞ്ചാം ദിവസമാണ് അദ്ദേഹത്തിന്റെ സർക്കാർ ശോഭ ഡെവലപേഴ്സ് ലാന്റ് ബാങ്ക് മാഫിയ ഗുണ്ടകളുടെ സഹായത്തോടെ ഒഴിപ്പിച്ചെടുത്ത, പരിസ്ഥിതി പ്രധാനമായ ഭൂമിയിൽ വൻകിട കെട്ടിട സമുച്ചയം സ്ഥാപിക്കുവാൻ ധാരണാപത്രം ഒപ്പിട്ടതെന്നത് ഭരണതലത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിഹാസ്യമായ ചെയ്തികൾക്ക് മറ്റൊരു ഉദാഹരണം കൂടിയായി. ഹൈടെക് സിറ്റിക്കായി ഏറ്റെടുത്തുവെന്ന് അവകാശപ്പെടുന്ന ഭൂമിയിൽ പതിനാറ് ഏക്കർ സർക്കാർ ഭൂമിയാണെന്ന് റെവന്യൂ മന്ത്രി കെ പി രാജേന്ദ്രന് നേരിട്ട് ബോധ്യപ്പെടുകയും അത് വേലികെട്ടി സംരക്ഷിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരിക്കുന്നുവെന്നത് ഇതോട് ചേർത്ത് വായിക്കുക.

യു ഡി എഫ് സർക്കാർ ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി സ്മാർട് സിറ്റി കരാർ ഒപ്പിടുന്നതിനെതിരെ വി എസ് അച്യുതാനന്ദന്റെ ആദ്യത്തെ ആക്രമണം അത് റിയൽ എസ്റ്റേറ്റ് മാഫിയ മാത്രം ആണെന്നും അവർക്ക് ഐടി രംഗത്ത് മുൻപരിചയം ഇല്ല എന്നുമായിരുന്നു. വളന്തക്കാട് നോളെജ് പാർക്ക് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിരിക്കുന്ന ശോഭ ഡെവലപേഴ്സിന് വിജ്ഞാനവ്യവസായത്തിലുള്ള മുൻപരിചയം എന്താണെന്ന് സർക്കാർ ഇനിയും വ്യക്തമാക്കേ



ണ്ടിയിരിക്കുന്നു.


**നഗരനിർമ്മാണത്തിന്റെ വഴികൾ**

ബാംഗ്ലൂർ ഉൾപ്പെടെയുള്ള നഗരങ്ങളിൽ അപാർട്മെന്റ്/ടൗൺഷിപ് പ്രോജക്ടുകളാണ് ശോഭയുടേത്. ഗുരുവായൂരിൽ സ്വർണ്ണം കൊണ്ട് തുലാഭാരം നടത്തിക്കൊണ്ടാണ് ശോഭാ ഡെവലെപേഴ്സിന്റെ പി എൻ സി മേനോൻ കേരളത്തിൽ വാർത്തകളിൽ നിറയുന്നത്. തൃശ്ശൂരിൽ പുഴയ്ക്കൽ കോൾ പാടത്ത് അമ്പത്തിയഞ്ച് ഏക്കർ ഭൂമിയിൽ അത്യന്താധുനിക സൗകര്യങ്ങളുള്ള ടൗൺഷിപ്പ് നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ 2007 മെയ് പതിമൂന്നിന് ആരംഭിച്ചു. മുപ്പത്തിയഞ്ച് ലക്ഷം സ്ക്വയർഫീറ്റ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. തൃശ്ശൂരിന്റെ തണ്ണീർത്തടങ്ങളിൽ പ്രധാനമായ പുഴയ്ക്കൽ പാടശേഖരത്തിൽ നിന്ന് അമ്പത്തിയഞ്ചേക്കർ നികത്തിയെടുക്കുന്നതിന് പകരമെന്നോണം(?) ആറരയേക്കർ സ്ഥലം മനുഷ്യനിർമ്മിത തടാകമുണ്ടാക്കുകയാണ് ഇപ്പോഴിവിടെ. വരാൻ പോകുന്ന ഈ തടാകത്തിന് ആവശ്യത്തിലേറെ പബ്ളിസിറ്റി സംഘടിപ്പിക്കാൻ ഇതിനോടകം ശോഭ ഡെവലെപേഴ്സിന് കഴിഞ്ഞിട്ടുണ്ട്. ഈ കൃത്രിമത്തടാകത്തിന്റെ തീരത്ത് നിർമ്മിക്കുന്ന വില്ലകൾക്ക് പ്രത്യേക പാക്കേജ് ആയിരിക്കുമെന്നതിൽ സംശയം വേണ്ട. **അമ്പത്തിയഞ്ച് ഏക്കർ തണ്ണീർത്തടത്തിന് പകരം ആറര ഏക്കർ തടാകം. പരിസ്ഥിതി സൗഹൃദം തെളിയിക്കാൻ ഇതിലേറെ എന്തുവേണം?**

**തൃശ്ശൂരിലെ ശോഭ സിറ്റി കൊണ്ട് ഇപ്പോൾത്തന്നെ പ്രയോജനം ലഭിച്ചവർ ഏറെയാണ്. ജില്ലാ ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥർ മുതൽ സ്ഥലത്തെ ഡുക്കിലി രാഷ്ട്രീയക്കാർ വരെ ശോഭയുടെ മാസപ്പടിയിൽ ഇടം നേടിയിട്ടുണ്ടെന്നത് തൃശ്ശൂർ അങ്ങാടിയിലെ പൂച്ചക്കുഞ്ഞിനുപോലും അറിയാം.** അഞ്ചോ പത്തോ ലക്ഷം വേണമെങ്കിൽ പുഴയ്ക്കൽ പാടത്ത് വെറുതെയൊരു കൊടികുത്തിയാൽ മതിയെന്ന് കർഷകസംഘം നേതാക്കൾ മുതൽ സ്ഥലത്തെ ബി ജെ പിക്കാർക്കുപോലും അറിയാം. ഉപകാര സ്മരണയായി കണ്ണൂർക്കാരനും വിവാദബോണ്ടുകളിലൂടെ പ്രശസ്തനുമായ പ്രമുഖ സി പി എം നേതാവിന് ഒരു ആഡംബര വില്ല (2 കോടി രൂപയുടെ) തന്നെയാണ് ഓഫർ. തിരുവനന്തപുരത്തെ ബാർ അറ്റാച്ച്ഡ് പ്രസ് ക്ലബിന്റെ പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ സംഭാവന (ബോണ്ടല്ല!) നൽകാൻ ശോഭ ഡെവലപേഴ്സ് തയ്യാറായി എന്നതാണ് മറ്റൊരു വാർത്ത.

**എന്തുകൊണ്ട് കേരളത്തിൽ ഇത്രയധികം സമ്പൂർണ്ണ ടൗൺഷിപ്പ്/ അത്യാഡംബര അപ്പാർട്ടുമെന്റുകൾ ധാരാളമായി വരുന്നു? എന്തുകൊണ്ട് അവയെല്ലാം തന്നെ പരിസ്ഥിതി ദുർബല പ്രദേശങ്ങളെ ആക്രമിക്കുകയും അതേസമയം തന്നെ പരിസ്ഥിതി സൗഹൃദത്വം അവകാശപ്പെടുകയും ചെയ്യുന്നു? ശോഭ സിറ്റി നെടുമ്പാശ്ശേരിയിൽ പ്രഖ്യാപിച്ചിരുന്ന ടൗൺഷിപ്പും ഇക്കോ ഫ്രണ്ട്‌ലി ആയിരുന്നു.** തിരുവനന്തപുരത്തെ വൈദ്യൻ കുന്ന് നിറഞ്ഞുപരന്നുകിടക്കുന്ന ടെക്നോപാർക്ക് ലോകത്തിലെ ഏറ്റവും പച്ചപ്പാർന്ന ടെക്നോപൊളിസ് എന്നാണ് അവകാശപ്പെടുന്നത്. വിവാദങ്ങളൊക്കെ മാറ്റിനിർത്തിയാൽ തന്നെയും ബഹിരാകാശ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ പൊൻമുടിയിലെ അതീവ പാരിസ്ഥിതിക പ്രധാന പ്രദേശം തന്നെ ഐ എസ് ആർ ഒ എന്തുകൊണ്ട് ലക്ഷ്യമിട്ടു?

**കേരളം ഇപ്പോഴും പിന്തുടരുന്ന വികസനപരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനപരമായ പാളിച്ചകളിലേക്കും ക്രിമിനൽ എന്നുവിശേഷിപ്പിക്കാവുന്ന തരത്തിലുള്ള ലാഭേച്ഛയിലേക്കുമാണ് ഈ ചോദ്യങ്ങൾ നമ്മെ കൊണ്ടെത്തിക്കുക.** ബഹിരാകാശത്തെക്കുറിച്ച് പഠിക്കാനും ആകാശത്തോളം കൂരകൾ കെട്ടിപ്പൊക്കാനും ചവിട്ടി നിൽക്കുന്ന ഭൂമിയുടെ നെഞ്ചകം തന്നെ പിളർക്കണം എന്ന വാശി!!



കേരളത്തിന്റെ വ്യവസായനയം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ സംസ്ഥാന സർക്കാർ പുറത്തിറക്കി. കോർപ്പറേറ്റ് മുതലാളിത്ത നിക്ഷേപ കേരളമോ അതോ ഇടതുപക്ഷ കേരളമോ? പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്സ്). കേരളത്തിൽ പ്രോത്സാഹിപ്പിക്കുമെന്ന് പച്ചയായി പറഞ്ഞിരിക്കുന്നു. വ്യവസായ വാണിജ്യനയം വിശകലനം ചെയ്യുന്നത് കേരളീയത്തിൽ പ്രതീക്ഷിക്കുക.

.4 ഊന്നൽ മേഖലകളും ഭാവി ലക്ഷ്യങ്ങളും

a. മെഗാ വ്യവസായ പാർക്കുകൾ: കേരളത്തെ സ്വദേശ,വിദേശ നിക്ഷേപകരുടെ ഇഷ്ടലക്ഷ്യസ്ഥാനമായി മാറ്റുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ മെഗാ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട്ട് സംയോജിത ടെക്സ്റ്റൈൽ പാർക്ക്, വയനാട്ടിൽ മെഗാ ഫുഡ്പാർക്ക് എന്നിവയും സ്ഥാപിക്കും.

b. വ്യാവസായിക ടൗൺഷിപ്പുകൾ: വ്യാവസായിക മേഖലകളിൽ വ്യവസായസംരംഭകർക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ സ്ഥാപിക്കും. ഇതിനായി പാലക്കാട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ പ്രോജക്ട്, തിരുവനന്തപുരം, എറണാകുളം, പാലക്കാട് തുടങ്ങിയയിടങ്ങളിൽ നോളജ് സിറ്റികൾ എന്നിവ ലക്ഷ്യമിടുന്നു.

c. പ്രത്യേക സാമ്പത്തിക മേഖലകൾ (സെസുകൾ): കേരളത്തിലെ പരിതസ്ഥിതിക്ക് യോജിക്കുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളുമുള്ള ഉല്പന്നാധിഷ്ഠിത സെസുകൾ, (സേവന സെസുകൾ ഉൾപ്പെടെ) പ്രോത്സാഹിപ്പിക്കും. കോഴിക്കോട്,